# യഥാർത്ഥ മതം

അബൂഅമീന: ബിലാൽ ഫിലിപ്സ്

ⓒ مكتب دعوة وتوعية الجاليات بعنيزة ، ١٤١٨هـ

فهرسة مكتبة الملك فهد الوطنية أثناء النشر

فليبس ، بلال

الدين الصحيح - عنيزة .

١٦ ص ؛ ١٢ × ١٧ سم

ردمك : ٠ - ٠٣ - ٧٨٣ - ٩٩٦٠

(النص باللغة المليبارية)

١ . الإسلام - مبادئ عامة أ. العنوان

ديوي ٢١١ ١٨/٠٦٩٨

رقم الايداع ١٨/٠٦٩٨

ردمك : ٠ - ٠٣ - ٧٨٣ - ٩٩٦٠

بسم الله الرحمن الرحيم

# യഥാർത്ഥ മതം

## ഇസ്ലാംമതം

ഇസ്ലാമിനെപ്പറ്റി ആദ്യമായി ഒരാാം അറിഞ്ഞിരിക്കേണ്ടതും നല്ല പോലെ മനസ്സിലാക്കിയിരിക്കേണ്ടതും എന്താണ് "ഇസ്ലാം" എന്ന പദത്തിൻെറ അർത്ഥം എന്നതാണ്. യേശുക്രിസ്തുവിന് ശേഷം ക്രിസ്തുമതമെന്നും, ഗൗതമബുദ്ധന് ശേഷം ബുദ്ധമതമെന്നും, കൺഫ്യൂഷിയസ്സിന് ശേഷം കൺഫ്യൂഷിയനിസമെന്നും, കാറൽമാർക്സിന് ശേഷം മാർക്സിസമെന്നും അറിയപ്പെടുന്നതുപോലെ ഒരു വ്യക്തിയുടെ പേരിലല്ല "ഇസ്ലാംമതം" അറിയപ്പെടുന്നത്. ജൂതമതം ജൂതമതവർഗത്തിൻെറ പേരിലും ഹിന്ദുമതം ഹിന്ദുവർഗ്ഗത്തിൻെറ പേരിലുമാണറിയപ്പെടുന്നത്.എന്നാൽ 'ഇസ്ലാം' ഒരു വർഗത്തിൻെറ പേരിലുമല്ല , 'ഇസ്ലാം:' യഥാർത്ഥത്തിൽ ദൈവത്തിൻെറ മതമാണ്. അല്ലാഹുവിൻെറ യഥാർത്ഥമതത്തിൻെറ അതിപ്രധാനമായ തത്വത്തെയത്രെ ആ പേരുാംക്കൊള്ളുന്നത്. അല്ലാഹുവിൻെറ താല്പര്യത്തിന്ന് പരിപൂർണ്ണമായും സ്വയം അർപ്പിക്കുക എന്നതത്രെ ആ പേരുാംക്കൊള്ളുന്ന ആശയം. അറബി ഭാഷയിൽ 'ഇസ്ലാം' എന്ന പദത്തിന് അർപ്പണം, കീഴൊതുങ്ങൽ എന്നൊക്കെയാണർത്ഥം. ഒരാാം തൻെറ എല്ലാ താല്പര്യങ്ങളും ആരാധനക്കർഹനായ ഏകനായ അല്ലാഹുവിൻെറ മുമ്പിൽ പരിപൂർണ്ണമായും അർപ്പിക്കുക എന്നതാണ് 'ഇസ്ലാം' .അങ്ങനെ സർവ്വസ്വവും അല്ലാഹുവിന് വേണ്ടി പരിപൂർണ്ണമായും ഉഴിഞ്ഞു വെക്കുന്ന വ്യക്തിക്കാണ് "മുസ്ലിം" എന്ന് പറയുന്നത്. അല്ലാഹുവിൻെറ താല്പര്യത്തിന്ന് പരിപൂർണ്ണമായി ജീവിതത്തെ സമർപ്പിക്കുമ്പോാം ലഭ്യമാകുന്ന "ശാന്തി", "സമാധാനം" എന്ന ആശയത്തെയും ഇസ്ലാം എന്ന പദമുാംക്കൊള്ളുന്നു. അപ്പോാം, അറേബ്യയിൽ , ഏഴാം നൂറ്റാണ്ടിൽ പ്രവാചകനായ മുഹമ്മദ് (സ. അ) പുതുതായി കൊണ്ടുവന്ന ഒരു പുതിയ മതമല്ല 'ഇസ്ലാം'. മറിച്ചു അല്ലാഹുവിൻെറ യഥാർത്ഥമതത്തിൻെറ പുനരാവിഷ്കരിക്കപ്പെട്ട അന്തിമരൂപമായ ഒരേ ഒരു മതമത്രെ അത്.

ആദ്യമനുഷ്യരും പ്രഥമ പ്രവാചകനുമായ ആദം (അ) മുതൽ മനുഷ്യവർഗ്ഗത്തിൻെറ നന്മയ്ക്കായി നിയോഗിക്കപ്പെട്ട എല്ലാ പ്രവാചകന്മാർ

ക്കും നല്കപ്പെട്ട മതമത്രെ ഇസ്ലാം. പിൻതലമുറക്കാരായ മതാനുയായികളാൽ തീരുമാനിക്കപ്പെട്ട ഒരു പേരല്ല 'ഇസ്ലാം'. അല്ലാഹുവിൻെറ മതത്തിന് അല്ലാഹുതന്നെ തിരഞ്ഞെടുത്തു നല്കിയിട്ടുളള പേരത്രെ അത്. അല്ലാഹു തൻെറ അന്തിമസന്ദേശമായ വിശുദ്ധ ഖുർആനിലൂടെ ഇപ്രകാരം പ്രസ്താവിക്കുന്നു. "ഇന്ന് നിങ്ങൾക്ക് നിങ്ങളുടെ മതം ഞാൻ പൂർത്തിയാക്കിത്തന്നിരിക്കുന്നു. എൻെറ അനുഗ്രഹം നിങ്ങൾക്കു ഞാൻ പൂർണ്ണമാക്കിത്തരികയും ചെയ്തിരിക്കുന്നു. മതമായി 'ഇസ്ലാമി'നെ ഞാൻ നിങ്ങൾക്ക് തൃപ്തിപ്പെട്ടു തരികയും ചെയ്തിരിക്കുന്നു."(5:3)[1]

"ആരെങ്കിലും ഇസ്ലാം(മത)മല്ലാത്തതിനെ മതമായി തേടുന്ന പക്ഷം അത് അവനിൽ നിന്ന് സ്വീകരിക്കപ്പെടുകയില്ല തന്നെ."(3:85)[2]

"ഇബ്രാഹിം യഹൂദിയോ ക്രിസ്ത്യാനിയോ ആയിരുന്നില്ല. എന്നാൽ അദ്ദേഹം ശുദ്ധമനസ്കനും "മുസ്ലിമും" ആയിരുന്നു. (3-67)[3]

മൂസാ(അ)നബിയുടെ ജനങ്ങളോടോ, അവരുടെ പിൻഗാമികളോടോ, അവരുടെ മതം ജൂതമതമാണെന്നോ, ക്രിസ്തുമതാനുയായികളോട് അവരുടെ മതം ക്രിസ്തുമതമാണെന്നോ അല്ലാഹു പറഞ്ഞതായി ബൈബിളിൽ എവിടേയും നിങ്ങൾക്ക് കാണാൻ സാധ്യമല്ല. യഥാർത്ഥത്തിൽ ക്രിസ്തുവിൻെറ പേർ ക്രിസ്തുവെന്നോ, ജീസസ് എന്നോ അല്ല "പീഡിതൻ" എന്നർത്ഥം വരുന്ന ക്രിസ്റ്റോസ് (CHRISTOS)എന്ന ഗ്രീക്കു പദത്തിൽ നിന്നാണ് (CHRIST)ക്രിസ്തു എന്നവാക്കിൻെറ ഉദ്ഭവം. ഹിബ്രുഭാഷയിലെ MESSIAH (മെസിയാ)എന്ന പദത്തിൻെറ ഗ്രീക്ക് തർജ്ജമയാണ് CHRIST (ക്രിസ്തു) എന്നത് (JESUS) ജീസസ് എന്ന പേര് ഹെബ്രുപേരായ (ESAU)യേശു (ഈശോ) എന്ന പേരിൻെറ ലാററിനീകൃതരൂപമാണ്.

ഈസാ(അ)നബിയെ അഥവാ യേശുപ്രവാചകനെ ഞാനീ പുസ്തകത്തിൽ ജീസസ് എന്നാണു വിളിച്ചിട്ടുള്ളത്. എളുപ്പത്തിനു വേണ്ടി

---

1 ( الْيَوْمَ أَكْمَلْتُ لَكُمْ دِينَكُمْ وَأَتْمَمْتُ عَلَيْكُمْ نِعْمَتِي وَرَضِيتُ لَكُمُ الإِسْلَامَ دِينًا )

2 ( وَمَنْ يَبْتَغِ غَيْرَ الإِسْلَامِ دِينًا فَلَنْ يُقْبَلَ مِنْهُ )

3 ( مَا كَانَ إِبْرَاهِيمُ يَهُودِيًّا وَلَا نَصْرَانِيًّا وَلَكِنْ كَانَ حَنِيفًا مُسْلِمًا )

യും അദ്ദേഹത്തിൻെറ അനുയായികളാൽ അദ്ദേഹം വിളിക്കപ്പെട്ടിരുന്നത് അപ്രകാരമായിരുന്നു എന്നതുകൊണ്ടുമാണത്.

അദ്ദേഹം തൻെറ മുൻഗാമികളായ പ്രവാചകന്മാരെപ്പോലെ ത്തന്നെ തൻെറ ജനങ്ങളെ തങ്ങളുടെ എല്ലാ താല്പര്യങ്ങളും അല്ലാഹു വിന് സമർപ്പിക്കാനും (അതാണ് ഇസ്ലാം) മനുഷ്യസങ്കല്പങ്ങളായ എല്ലാ മിഥ്യാ ദൈവങ്ങളെയും കയ്യൊഴിക്കാനുമാണ് പ്രബോധനം ചെയ്തതും താക്കീതു ചെയ്തതും. പുതിയ നിയമപ്രകാരം ജീസസ് തൻെറ അനുയായി കളെ താഴെ പറയും പ്രകാരം പ്രാർത്ഥിക്കാൻ പഠിപ്പിച്ചിട്ടുണ്ട്. "നിൻെറ ഹിതം ആകാശത്തിലേത് പോലെ ഭൂമിയിലും നിർവ്വഹിക്കപ്പെടുന്നു."

## ഇസ്ലാമിൻെറ സന്ദേശം

ഒരാൾ തൻെറ സർവ്വവിധ താല്പര്യങ്ങളും പരിപൂർണ്ണമായും അല്ലാഹുവിൻെറ മുമ്പിൽ സമർപ്പിക്കുക എന്നതാണ് ആരാധനയുടെ അന്തഃ സത്ത. അല്ലാഹുവിൻെറ പരിശുദ്ധമതമായ ഇസ്ലാമിൻെറ മൗലികമായ സന്ദേശം അല്ലാഹുവിനെ മാത്രം ആരാധിക്കുക എന്നതും അല്ലാഹുവല്ലാത്ത ഏതെങ്കിലും വ്യക്തിയോ സ്ഥലമോ വസ്തുവോ ലക്ഷ്യമാക്കി നടത്ത പ്പെടുന്ന എല്ലാ ആരാധനയും കൈവെടിയുക എന്നതുമത്രെ. എല്ലാ വസ്തു ക്കളുടെയും സ്രഷ്ടാവ് അല്ലാഹുവാണ്. അല്ലാഹുവല്ലാത്ത എല്ലാ വസ്തു ക്കളും അല്ലാഹുവിൻെറ സൃഷ്ടികളുമാണ്. ആകയാൽ ആരാധനകളെല്ലാം അല്ലാഹുവിന് മാത്രമേ അർപ്പിക്കാവൂ. സൃഷ്ടികൾക്കാർക്കും തന്നെ ആരാ ധനകളർപ്പിച്ചുകൂടാ. ഇതാണ് ഇസ്ലാം പ്രബോധനം ചെയ്യുന്ന തത്വം. ആരാധനക്കർഹത സ്രഷ്ടാവായ അല്ലാഹുവിന്ന് മാത്രമാണുള്ളത്. പ്രാർ ത്ഥനകൾക്കുത്തരം നല്കുന്നവനും അവൻ മാത്രമാണ്.

ഒരാൾ ഒരു വൃക്ഷത്തോടു പ്രാർത്ഥിക്കുകയും അയാൾ പ്രാർത്ഥി ച്ച കാര്യം നേടി എന്നുമിരിക്കട്ടെ. എങ്കിൽ പോലും ആ വൃക്ഷമല്ല യഥാർ ത്ഥത്തിൽ പ്രാർത്ഥനക്കു ഉത്തരം നൽകിയിട്ടുള്ളത്. അല്ലാഹു നൽകിയ സാഹചര്യത്തിലിരുന്നാണല്ലോ അയാൾ അല്ലാഹുവേതരരോടു പ്രാർത്ഥി ക്കുന്നത്! ഇതു വളരെ വ്യക്തമല്ലേ എന്നു നിങ്ങൾ ചോദിച്ചേക്കും. എന്നാൽ, ഒരു വൃക്ഷാരാധകൻ ഇതു സമ്മതിക്കുകയില്ല. യേശുവോടോ ബുദ്ധനോ ടോ, കൃഷ്ണനോടോ സെൻറ് ക്രിസ്റ്റഫറോടോ സെൻറ് ജൂഡേയോടോ മുഹമ്മദ് നബിയോടു തന്നെയോ പ്രാർഥിക്കുന്നവരുടെ സ്ഥിതിയും ഇവ്വി

ധമത്രെ.

യേശു ഒരിക്കലും തന്നെ ആരാധിക്കണമെന്ന് തൻെറ അനുയായികളോടു പറഞ്ഞിട്ടില്ല. അല്ലാഹുവെമാത്രം ആരാധിക്കാനാണദ്ദേഹം അവരോടു കല്പിച്ചുകൊണ്ടിരുന്നത്. ഇക്കാര്യം വിശുദ്ധ ഖുർആനിലൂടെ അല്ലാഹു സമർത്ഥിക്കുന്നുണ്ട്. "അല്ലാഹു പറഞ്ഞ സന്ദർഭം ഓർക്കുക. അല്ലയോ മർയമിൻെറ മകനായ ഈസാ, നീയാണോ ജനങ്ങളോടു പറഞ്ഞത്. എന്നേയും എൻെറ ഉമ്മയേയും അല്ലാഹുവിന് പുറമേ രണ്ട് ആരാധ്യന്മാരാക്കിക്കൊള്ളുവിൻ" എന്ന്? അദ്ദേഹം പറഞ്ഞു: നീ മഹാപരിശുദ്ധൻ തന്നെ! എനിക്കൊരവകാശവുമില്ലാത്തത് പറയുവാൻ എനിക്കു പാടില്ലല്ലോ! (5:116).[4] തന്നെ മറ്റുള്ളവർ ആരാധിച്ചപ്പോഠം പോലും അദ്ദേഹം അല്ലാഹുവെ മാത്രമാണ് ആരാധിച്ചത്. തന്നെ ആരാധിക്കരുതെന്നും അല്ലാഹുവെ മാത്രമേ ആരാധിക്കാവൂ എന്നും ഈസാ പറയുകയുണ്ടായി. ഈ അടിസ്ഥാനതത്വം ഖുർആൻെറ പ്രഥമാദ്ധ്യായമായ സൂറ: ഫാത്തിഹ: യുടെ നാലാം വാക്യത്തിലൂടെ പ്രതിഫലിപ്പിക്കപ്പെട്ടിട്ടുണ്ട്. "നിന്നെമാത്രം ഞങ്ങഠം ആരാധിക്കുന്നു. നിന്നോടുമാത്രം ഞങ്ങഠം സഹായം തേടുകയും ചെയ്യുന്നു."[5] ഖുർആനിൽ മറ്റൊരിടത്ത് അല്ലാഹു ഇപ്രകാരം പറഞ്ഞിരിക്കുന്നു.(ഹേ മനുഷ്യരെ) നിങ്ങളുടെ റബ്ബ് പറയുന്നു: നിങ്ങഠം എന്നെ വിളിച്ചു തേടുവിൻ ഞാൻ നിങ്ങഠംക്കു ഉത്തരം നല്കും.(40:60)[6]

വളരെ പ്രധാനപ്പെട്ട ഒരു കാര്യം ഇവിടെ ഉണർത്തപ്പെടേണ്ടതുണ്ട്. അല്ലാഹുവും അവൻെറ സൃഷ്ടികളും വ്യക്തമായും പരസ്പരം വ്യത്യസ്തമായ അസ്തിത്വങ്ങളാണെന്നുള്ളതാണ് ഇസ്ലാമിൻെറ അടിസ്ഥാന സിദ്ധാന്തം. അല്ലാഹു അവൻെറ സൃഷ്ടിയോ സൃഷ്ടികളുടെ ഭാഗമോ അല്ല. അപ്രകാരം തന്നെ സൃഷ്ടികഠം അല്ലാഹുവോ അല്ലാഹുവിൻെറ ഭാഗ

---

4 ﴿ وَإِذْ قَالَ اللَّهُ يَٰعِيسَى ابْنَ مَرْيَمَ ءَأَنتَ قُلْتَ لِلنَّاسِ اتَّخِذُونِي وَأُمِّيَ إِلَٰهَيْنِ مِن دُونِ اللَّهِ قَالَ سُبْحَانَكَ مَا يَكُونُ لِيَ أَنْ أَقُولَ مَا لَيْسَ لِي بِحَقٍّ ﴾

5 ﴿ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ ﴾

6 ﴿ وَقَالَ رَبُّكُمُ ادْعُونِي أَسْتَجِبْ لَكُمْ ﴾

മോ അല്ല. ഇത് വളരെ വ്യക്തമായ ഒരു കാര്യമാണ്. പക്ഷേ, മനുഷ്യരിൽ പലരും സ്രഷ്ടാവിനെ ആരാധിക്കുന്നതിന് പകരം സൃഷ്ടികളെ ആരാധിക്കുന്നത് ഒരു വലിയ അളവോളം ഈ വസ്തുത മനസ്സിലാക്കാത്തതിൻെറ ഫലമായാണ്. അല്ലാഹുവിൻെറ സാരാംശം അവൻെറ സൃഷ്ടികളിൽ എല്ലായിടത്തുമുണ്ട് എന്നോ, അല്ലെങ്കിൽ ചില സൃഷ്ടികളിൽ അവൻെറ സാന്നിദ്ധ്യം ഉണ്ട് എന്നോ, ഉണ്ടായിരുന്നു എന്നോ ഉള്ള വിശ്വാസമാണ് സൃഷ്ടികളെ ആരാധിക്കുന്നതിന്നുള്ള ന്യായമായി എഴുന്നള്ളിക്കപ്പെടാറുള്ളത്. സൃഷ്ടികൾ മുഖേന അല്ലാഹുവിനുള്ള ആരാധനയായി അത്തരം ആരാധനയെ വിശേഷിപ്പിക്കപ്പെടാറുമുണ്ട്. എങ്ങനെയായാലും ഇസ്‌ലാമിൻെറ സന്ദേശം പ്രവാചകന്മാർ പഠിപ്പിച്ചതനുസരിച്ച് അല്ലാഹുവിനെ മാത്രം ആരാധിക്കുക എന്നതും അല്ലാഹുവിൻെറ സൃഷ്ടികളെ നേരിട്ടോ അല്ലാതെയോ ആരാധിക്കാതിരിക്കുക എന്നതുമാണ്.

അല്ലാഹു ഖുർആനിൽ വ്യക്തമായി പ്രസ്താവിക്കുന്നു."തീർച്ചയായും എല്ലാ ഓരോ സമുദായത്തിലും 'നിങ്ങൾ അല്ലാഹുവിനെ ആരാധിക്കണം, ദുർമ്മൂർത്തികളെ കൈവെടിയണം' എന്ന സന്ദേശവുമായി നാം പ്രവാചകന്മാരെ അയച്ചിട്ടുണ്ട്" (16-36)[7]

മനുഷ്യനിർമ്മിതമായ ബിംബങ്ങളെ എന്തിനാണ് നിങ്ങൾ ആരാധിക്കുന്നതെന്ന് ബിംബാരാധകരോട് ചോദിക്കപ്പെട്ടാൽ അവരിൽ നിന്ന് ലഭിക്കുന്ന മാറ്റമില്ലാത്ത മറുപടി: "ഞങ്ങൾ യഥാർത്ഥത്തിൽ കൽപ്രതിമകളെയല്ല അവയിൽ കുടിയിരിക്കുന്ന ദൈവത്തെയാണ് ആരാധിക്കുന്നത് എന്നായിരിക്കും. കൽപ്രതിമ യഥാർത്ഥത്തിൽ ദൈവമല്ലെന്നും ദൈവത്തിൻെറ സാരാംശം കുടിക്കൊള്ളുന്ന വെറുമൊരു കേന്ദ്രബിന്ദുവാണെന്നുമാണവരുടെ വാദം, ഏതെങ്കിലും രൂപത്തിൽ ദൈവം സൃഷ്ടികളിൽ അവതരിക്കുന്നു എന്ന വിശ്വാസം വെച്ചു പുലർത്തുന്നവർക്ക് ഈ ബിംബാരാധനാവാദം അംഗീകരിക്കാൻ കടപ്പാടുണ്ടായിരിക്കും. എന്നാൽ ഇസ്‌ലാമിൻെറ അടിസ്ഥാനതത്വങ്ങളും വിശദീകരണങ്ങളും മനസ്സിലാക്കിയ ഒരാൾക്ക് ബിംബാരാധന അതേത് രൂപത്തിലായിരുന്നാലും എങ്ങനെ ന്യായീകരിക്ക

---

7 ﴿ وَلَقَدْ بَعَثْنَا فِي كُلِّ أُمَّةٍ رَّسُولًا أَنِ اعْبُدُوا اللَّهَ وَاجْتَنِبُوا الطَّاغُوتَ ﴾

പ്പെട്ടാലും അംഗീകരിച്ചുകൊടുക്കാൻ സാധ്യമല്ല. കാലാകാലങ്ങളിൽ സ്വയം ദിവ്യത്വം അവകാശപ്പെടുന്നവർ തങ്ങളുടെ വിശ്വാസത്തിന്നാധാരമായി സ്വീകരിക്കുന്നത് ദൈവം മനുഷ്യനിൽ അവതരിക്കുന്നു എന്ന തെറ്റായ ചിന്താഗതിയാണ്. അവരുടെ ഈ തെറ്റായ വിശ്വാസമനുസരിച്ച് ദൈവം എല്ലാവരിലും അവതരിക്കുന്നുവെങ്കിൽ മറ്റെല്ലാവരേക്കാളുമുപരി തങ്ങളിൽ തന്നെ ദൈവം അവതരിക്കുമെന്ന് അവർക്കുറപ്പിക്കാവുന്നതാണ്. അതായത് അവർ തന്നെ ദൈവമായി അവതരിച്ചിരിക്കുന്നു എന്ന നിലക്കോ ദൈവം അവരിൽ അവതരിച്ചിട്ടുണ്ടെന്ന നിലക്കോ തങ്ങളുടെ സർവ്വതാല്പര്യങ്ങളും അവരുടെ മുമ്പിൽ അർപ്പിച്ചു കൊണ്ട് അവരെ ആരാധിക്കണമെന്നവകാശപ്പെടുകയാണുണ്ടായത്. അങ്ങനെ മറ്റുള്ളവരുടെ മരണാനന്തരം അവരിൽ ദിവ്യത്വം അംഗീകരിച്ചവർ മനുഷ്യനിൽ ദൈവം അവതരിക്കുന്നുവെന്ന തെറ്റായ വിശ്വാസം വെച്ചു പുലർത്തുന്നവർക്കിടയിൽ നല്ല ഫലസമ്പുഷ്ടമായ മണ്ണാണ് കണ്ടെത്തിയത്.

ഇസ്ലാമിൻെറ അടിസ്ഥാന സന്ദേശവും സിദ്ധാന്തങ്ങളും ഉൾക്കൊണ്ട ഒരു വ്യക്തിക്ക് ഒരിക്കലും ഒരു സാഹചര്യത്തിലും ഒരു മനുഷ്യനെ ആരാധിക്കുക എന്നത് അംഗീകരിക്കാൻ സാധ്യമേയല്ല. സൃഷ്ടികർത്താവിനെ മാത്രം ആരാധിക്കുവാനും സൃഷ്ടികൾ ഏതു വിധത്തിലും ആരാധിക്കപ്പെടാതിരിക്കുവാനുമത്രെ യഥാർത്ഥത്തിൽ അല്ലാഹുവിൻെറ മതം വ്യക്തമായും ആഹ്വാനം ചെയ്യുന്നത്. ഇതു തന്നെയത്രെ ഇസ്ലാമിൻെറ മുദ്രാവാക്യമായ "അല്ലാഹുവല്ലാതെ മറ്റൊരാരാധ്യനുമില്ല"* എന്നത് കൊണ്ടു അർത്ഥമാക്കപ്പെടുന്നത്.ഈ വാക്യം ആവർത്തിക്കലും തദനുസൃതമായ നിഷ്ക്കളങ്കമായ വിശ്വാസവുമാണ് ഒരു വിശ്വാസിയെ സ്വർഗാവകാശിയാക്കിത്തീർക്കുന്നത്.

ഇസ്ലാംമതത്തിൻെറ അന്ത്യപ്രവാചകരായ മുഹമ്മദ് (സ.അ) പ്രവചിച്ചതായി അബൂദർറുൽ ഗിഫാരി (റ) വിൽ നിന്ന് ബുഖാരിയും മുസ്ലിമും ഉദ്ധരിച്ച ഒരു തിരുവചനം ഇപ്രകാരമാണ്. "അല്ലാഹുവല്ലാതെ മറ്റൊരാരാധ്യനുമില്ല" എന്ന് ഒരാൾ പ്രഖ്യാപിക്കുകയും ആ വിശ്വാസം മുറുകെ പിടിച്ചു കൊണ്ട് മരിക്കുകയും ചെയ്താൽ അവൻ സ്വർഗ്ഗത്തിൽ പ്രവേശിച്ചു കഴിഞ്ഞു" അല്ലാഹുവിൻെറ എല്ലാ കല്പനയും അനുസരിച്ചു കൊണ്ട് അവനു കീഴ്പെട്ടു ജീവിക്കുന്നതോടൊപ്പം എല്ലാ ബഹുദൈവാരാധനക

---

8 ( لا إله إلا الله )

ളേയും ബഹുദൈവാരാധകരേയും നിഷേധിക്കുക എന്നതും അല്ലാഹുവെ ഏകദൈവമായി അംഗീകരിക്കുക എന്നതിൽ ഉൾപ്പെടുന്നു.

## വ്യാജമത സന്ദേശം

ലോകത്തിൽ പല വർഗങ്ങളും സംസ്കാരങ്ങളും മതങ്ങളും പ്രത്യയശാസ്ത്രങ്ങളും പ്രസ്ഥാനങ്ങളും നിലവിലുണ്ട്. അവ ഓരോന്നും അവകാശപ്പെടുന്നത് ശരിയായ മാർഗം തങ്ങളുടേതാണെന്നോ, അല്ലാഹുവിങ്കലേക്കുള്ള സത്യമായ മാർഗ്ഗം തങ്ങളുടേത് മാത്രമാണെന്നോ ആണ്. ഏതാണ് ശരിയെന്ന് ഒരാൾക്ക് എങ്ങനെ തീരുമാനിക്കാൻ കഴിയും?. അല്ലെങ്കിൽ അവയെല്ലാം യഥാർത്ഥത്തിൽ ശരിയാണോ? ഉത്തരം കണ്ടെത്താൻ ഒരേ ഒരു പോംവഴിയാണുള്ളത്. പരമമായ സത്യത്തിന്റേതായി, ഓരോരുത്തരും അവകാശപ്പെടുന്ന തത്വസംഹിതകളുടെ ഉപരിതല വ്യത്യാസങ്ങൾ മനസ്സിലാക്കുകയും ഓരോരുത്തരും നേരിട്ടോ അല്ലാതെയോ വിളിച്ചു പ്രാർത്ഥിക്കുന്ന മുഖ്യ ആരാധ്യവസ്തു ഏതാണെന്നു മനസ്സിലാക്കുകയുമത്രെ അത്. എല്ലാ വ്യാജമതങ്ങൾക്കും അല്ലാഹുവെ സംബന്ധിച്ച പൊതുവായ ഒരടിസ്ഥാന സങ്കല്പമുണ്ട്. ചിലർഎല്ലാ മനുഷ്യരും ദൈവങ്ങളാണെന്നു സങ്കല്പിക്കുന്നു. മറ്റു ചിലർ ചില പ്രത്യേക മനുഷ്യരെ ദൈവങ്ങളായി സങ്കല്പിക്കുന്നു. ചിലർ പ്രകൃതിയാണ് ദൈവമെന്ന് സങ്കല്പിക്കുന്നു. വേറെ ചിലരാകട്ടെ ചിലർ കെട്ടിച്ചമച്ചതിനെ ദൈവമായി സങ്കല്പിക്കുന്നു.

ചുരുക്കത്തിൽ ദൈവം തന്റെ സൃഷ്ടികളുടെ രൂപത്തിൽ ആരാധിക്കപ്പെടുക എന്നതാണ് വ്യാജമത സന്ദേശങ്ങളുടെ അടിസ്ഥാനമെന്ന് പറയാവുന്നതാണ്. സൃഷ്ടികളേയോ, സൃഷ്ടികളുടെ ചില രൂപഭാവങ്ങളേയോ ദൈവങ്ങളായി സങ്കല്പിക്കുക വഴി സൃഷ്ടി പൂജയിലേക്കാണ് വ്യാജമതങ്ങൾ ഓരോന്നും മനുഷ്യനെ ക്ഷണിച്ചുകൊണ്ടിരിക്കുന്നത്. ഉദാഹരണമായി പ്രവാചകൻ യേശു അല്ലാഹുവിനെമാത്രം ആരാധിക്കാനാണ് തന്റെ അനുയായികളെ ക്ഷണിച്ചത്. എന്നാൽ അദ്ദേഹത്തിന്റെ അനുയായികളെന്ന് അവകാശപ്പെടുന്നവർ ഇന്ന് യേശുവിനെത്തന്നെ ദൈവമാക്കിക്കൊണ്ട് അദ്ദേഹത്തെ ആരാധിക്കാനാണ് ജനങ്ങളെ ക്ഷണിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീബുദ്ധൻ ഭാരതീയരുടെ മതത്തിലേക്ക് ധാരാളം മാനുഷിക മൂല്യങ്ങളടങ്ങുന്ന തത്വങ്ങൾ കൂട്ടിച്ചേർത്ത് പരിഷ്കരണം വരുത്തിയ ഒരു

പരിഷ്കർത്താവായിരുന്നു. അദ്ദേഹം സ്വയം ദിവ്യത്വം അവകാശപ്പെടുകയോ, അനുയായികളോട്, തന്നെ ആരാധ്യവസ്തുവാക്കാൻ ഉപദേശിക്കുയോ ചെയ്തിട്ടില്ല. എന്നാൽ ഇന്ന് ഭാരതത്തിൻെറ പുറത്ത് കണ്ടുവരുന്ന ബുദ്ധമതാനുയായികളധികവും ശ്രീബുദ്ധനെ ദൈവമാക്കുകയും അദ്ദേഹത്തിൻെറ പ്രതിമകളുണ്ടാക്കി അവയ്ക്ക് മുമ്പിൽ സാഷ്ടാംഗം നമിച്ചുകൊണ്ടിരിയ്ക്കുകയും ചെയ്യുന്നു. അദ്ദേഹത്തിൻെറ പ്രീതി കരസ്ഥമാക്കാനാണതെന്നാണവരുടെ ധാരണ.

ആരാധ്യവസ്തുക്കളെ തിരിച്ചറിയുന്നതിനുള്ള തത്വങ്ങൾ പ്രായോഗികമാക്കുന്നതോടെ വ്യാജമതങ്ങളുടെ മറ നീക്കപ്പെടുകയും അവയുടെ ഉദ്ഭവത്തിൻെറ ആസൂത്രിത സ്വഭാവം വെളിക്കുവരികയും ചെയ്യും. അല്ലാഹു പറയുന്നു: "നിങ്ങളും നിങ്ങളുടെ പിതാക്കളും സ്വയം നാമകരണം ചെയ്ത ചിലരെ മാത്രമാണ് നിങ്ങൾ ആരാധിക്കുന്നത്. അത് സംബന്ധിച്ചു യാതൊരു രേഖയും അല്ലാഹു ഇറക്കിയിട്ടില്ല. ആ തീരുമാനം അല്ലാഹുവിന്ന് മാത്രമുള്ളതാണ്. അവനെയല്ലാതെ നിങ്ങൾ ആരാധിക്കരുതെന്നു അവൻ കല്പിച്ചിരിക്കുന്നു. അതാണ് ചൊവ്വായ മതം, പക്ഷേ അധിക ജനങ്ങളും അറിയുന്നില്ല." (12:40)[9]

എല്ലാ മതങ്ങളും പഠിപ്പിക്കുന്നത് നല്ല കാര്യങ്ങളാണല്ലോ, പിന്നെ എന്തിനാണ് ഏതെങ്കിലും ഒരു മതം തന്നെ നാം പിന്തുടരണമെന്നത് ഒരു പ്രശ്നമാക്കുന്നു? എന്ന് ചോദിക്കപ്പെടാറുണ്ട്. മറുപടി ഒന്നുമാത്രമേയുള്ളൂ: ഏറ്റവും വലിയ പാപമായ സൃഷ്ടിപൂജയത്രെ എല്ലാ വ്യാജ മതങ്ങളും പഠിപ്പിച്ചുകൊണ്ടിരിക്കുന്നത് എന്നതാണത്. മനുഷ്യനെ സൃഷ്ടിച്ചിട്ടുള്ളതിൻെറ ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് തികച്ചും കടകവിരുദ്ധമായ ഏറ്റവും വലിയ മഹാപാപമത്രെ സൃഷ്ടിപൂജയിലൂടെ മനുഷ്യൻ ചെയ്യുന്നത്. അല്ലാഹുവെ മാത്രം ആരാധിക്കുവാനാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിട്ടുള്ളത് എന്ന് പരി

---

9 ﴿ مَا تَعْبُدُونَ مِنْ دُونِهِ إِلَّا أَسْمَاءً سَمَّيْتُمُوهَا أَنْتُمْ وَآبَاؤُكُمْ مَا أَنْزَلَ اللَّهُ بِهَا مِنْ سُلْطَانٍ إِنِ الْحُكْمُ إِلَّا لِلَّهِ أَمَرَ أَلَّا تَعْبُدُوا إِلَّا إِيَّاهُ ذَٰلِكَ الدِّينُ الْقَيِّمُ وَلَٰكِنَّ أَكْثَرَ النَّاسِ لَا يَعْلَمُونَ ﴾

ശുദ്ധ ഖുർആനിൽ അല്ലാഹു വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ട്.

"ജിന്നുകളെയും മനുഷ്യരേയും അവർ എന്നെ മാത്രം ആരാധിക്കുന്നതിന്നു വേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല" (51:56)[10]

അത്കൊണ്ടാണ് ബിംബാരാധനയുടെ സാരാംശമായ സൃഷ്ടി പൂജ ഒരിക്കലും പൊറുക്കപ്പെടാത്ത മഹാപാപമായി ഗണിക്കപ്പെടുന്നത്.സൃഷ്ടി പൂജയിലായി ക്കൊണ്ട് ഒരാൾ മരിച്ചു പോയാൽ അടുത്ത ജീവിതത്തിലെ അയാളുടെ ദുർ വിധി മുദ്രണം ചെയ്യപ്പെട്ടു കഴിഞ്ഞു. ഇത് വെറുമൊരഭിപ്രായമല്ല. മറിച്ചു അല്ലാഹു മനുഷ്യർക്കു നല്കിയ അന്തിമവെളിപാടായ ഖുർആനിൽ അല്ലാഹു നേരിട്ടരുളിയിട്ടുള്ള സത്യമത്രെ. "നിശ്ചയമായും അല്ലാഹുവിനോട് പങ്ക് ചേർക്കുന്നത് അവൻ പൊറുക്കുകയില്ല,. അതിനു പുറമേയുള്ളത് അവനുദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തു കൊടുക്കും." (4:48,116)[11]

## ഇസ്ലാമിൻെറ സാർവത്രികത്വം

വ്യാജമതങ്ങളുടെ അനന്തരഫലങ്ങൾ അത്യന്തം ഭയാനകമാണ്. അതിനാൽ അല്ലാഹുവിൻെറ സത്യമതം സാർവ്വത്രികമായി സുഗ്രാഹ്യവും സുസാധ്യവുമായിരിക്കേണ്ടതാണ്. ഏതെങ്കിലും ഒരു പ്രത്യേക ജനവിഭാഗത്തിനോ, പ്രദേശത്തിനോ, കാഘട്ടത്തിനോ മത്രമായിട്ടുള്ളതായിരിക്കാനും പാടില്ല. ഒരു സത്യവിശ്വാസിയുടെ സ്വർഗപ്രവേശത്തിനു ജ്ഞാനസ്നാനകർമ്മമോ, ഏതെങ്കിലും ഒരു മനുഷ്യനെ രക്ഷകനായി അംഗീകരിക്കുക എന്നതോ പോലെയുള്ള യാതൊരു നിബന്ധനയും തടസ്സമായിക്കൂടാത്തതുമാണ്. ഇസ്ലാമിൻെറ അടിസ്ഥാനതത്വങ്ങളിലും സർവ്വസ്വവും അല്ലാഹുവിന്നർപ്പിക്കുക എന്ന ഇസ്ലാമിൻെറ നിർവ്വചനത്തിൽ തന്നെയും അതിൻെറ സാർവ്വത്രികത്വത്തിൻെറ അടിവേരുകൾ ഉൾകൊണ്ടിട്ടുണ്ട്. അല്ലാഹു ഏകനാണെന്നും അവൻ തൻെറ സൃഷ്ടികളിൽ നിന്ന് തികച്ചും വിഭിന്നനാണെന്നും വിശ്വസിക്കുകയും തൻെറ സർവ്വസ്വവും അല്ലാഹുവിന്നു വേണ്ടി അർപ്പിക്കുകയും ചെയ്യുന്നതോടെ ഒരാൾ ശാരീരികമായും മാനസികമായും മുസ്ലിമായിത്തീരുകയും സ്വർഗത്തിന്നവകാശിയായിത്തീരുകയും ചെയ്യുകയാണ്. അപ്പോൾ, ഏതൊരാൾക്കും എപ്പോൾ വേണമെങ്കിലും ലോകത്തിൻെറ ഏതു വിദൂര ദേശത്ത് വെച്ചും മുസ്ലിമാകാൻ കഴിയും,

---

10 ( وَمَا خَلَقْتُ الْجِنَّ وَالْإِنسَ إِلَّا لِيَعْبُدُونِ )

11 ( إِنَّ اللَّهَ لَا يَغْفِرُ أَن يُشْرَكَ بِهِ وَيَغْفِرُ مَا دُونَ ذَٰلِكَ لِمَن يَشَاءُ )

ദൈവീകമതമായ ഇസ്‌ലാമിന്റെ അനുയായിയാകാൻ കഴിയും.സൃഷ്ടി പൂജ കൈവെടിയുകയും അല്ലാഹുവിനോടു മാത്രം വിധേയത്വം പുലർത്തുകയും വേണമെന്നു മാത്രം. ഇവിടെ രണ്ടു കാര്യം പ്രത്യേകം ഓർമ്മിക്കേണ്ടതുണ്ട്. അല്ലാഹുവിനെ മനസ്സിലാക്കുകയും അവന്നു മുമ്പിൽ സർവ്വസ്വവും അർപ്പിക്കുകയും ചെയ്യുന്നത് സത്യവും അസത്യവും തമ്മിൽ വക തിരിച്ചു തിരഞ്ഞെടുക്കുന്നതിന്ന് പ്രേരകമാകുന്നു. ഇത്തരത്തിലുള്ള ഒരു തിരഞ്ഞെടുപ്പ് ഉത്തരവാദിത്വത്തെയാണ് സൂചിപ്പിക്കുന്നത്. ഇപ്രകാരത്തിൽ ഉത്തരവാദിത്വത്തോടുകൂടി തിരഞ്ഞെടുപ്പ് നടത്തുന്ന ഒരാൾ തന്റെ കഴിവിന്റെ പരമാവധി നന്മചെയ്യാനും തിന്മ വെടിയാനും ശ്രമിക്കേണ്ടതുണ്ട്.

അല്ലാഹുവിനെ മാത്രം ആരാധിക്കുകയാണ് പരമമായ നന്മ. അല്ലാഹുവോടൊപ്പമോ അവന്നു പകരമായോ സൃഷ്ടികളെ ആരാധിക്കുക എന്നത് പരമമായ തിന്മയുമത്രെ. അന്തിമവെളിപാടായ വിശുദ്ധ ഖുർആനിലെ താഴെ വരുന്ന വാക്യങ്ങൾ ഈ വസ്തുതയത്രെ സമർത്ഥിക്കുന്നത്.

നിശ്ചയമായും സത്യവിശ്വാസികളായിട്ടുള്ളവർ, ജൂതന്മാർ, ക്രിസ്ത്യാനികൾ, സ്വാബിഉകൾ (മറ്റുമതസ്ഥർ)ഇവരിൽ ആർ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുകയും സൽകർമ്മം പ്രവർത്തിക്കുകയും ചെയ്തുവോ അവർക്ക് അവരുടെ രക്ഷിതാവിങ്കൽ അവർ അർഹിക്കുന്ന പ്രതിഫലമുണ്ട്. അവർക്ക് ഒന്നും ഭയപ്പെടേണ്ടതില്ല. അവർ ദു:ഖിക്കേണ്ടി വരികയുമില്ല."(2:62)[12]

"അവർ തൌറാത്തും ഇഞ്ചീലും അവരുടെ രക്ഷിതാവിങ്കൽ നിന്ന് അവർക്ക് ഇറക്കപ്പെട്ട വേദഗ്രന്ഥങ്ങളും നിലനിറുത്തിയിരുന്നുവെങ്കിൽ അവരുടെ മേൽഭാഗത്ത് നിന്നും അവരുടെ കാലുകൾക്ക് കീഴ് ഭാഗത്ത് നിന്നും അവർക്ക് ഭക്ഷണം കിട്ടുമായിരുന്നു. അവരിൽ ചിലർ നീതിമാന്മാരായ വിഭാഗമായി

---

12

( إِنَّ الَّذِينَ آمَنُوا وَالَّذِينَ هَادُوا وَالنَّصَارَىٰ
وَالصَّابِئِينَ مَنْ آمَنَ بِاللَّهِ وَالْيَوْمِ الْآخِرِ وَعَمِلَ صَالِحًا
فَلَهُمْ أَجْرُهُمْ عِنْدَ رَبِّهِمْ وَلَا خَوْفٌ عَلَيْهِمْ
وَلَا هُمْ يَحْزَنُونَ )

രുന്നു. അവരിൽ ഭൂരിഭാഗമാകട്ടെ, അവർ പ്രവർത്തിക്കുന്നതെത്ര ചീത്ത!"(5: 66)[13]

## അല്ലാഹുവെ തിരിച്ചറിയൽ

വ്യത്യസ്ത സാഹചര്യങ്ങളിലും വിവിധ സമൂഹങ്ങളിലും വിഭിന്ന സംസ്കാരങ്ങളിലും കഴിഞ്ഞു കൂടുന്ന എല്ലാ മനുഷ്യരും കൂടി അല്ലാഹുവിൽ വിശ്വസിക്കുമെന്ന് എങ്ങനെ പ്രത്യാശിക്കാം? എന്നൊരു ചോദ്യം ഇവിടെ ഉയർന്നുവരുന്നുണ്ട്. എല്ലാ മനുഷ്യരും അല്ലാഹുവിനെ ആരാധിക്കാൻ കടപ്പെട്ടവരെന്ന നിലക്ക് അല്ലാഹുവിനെക്കുറിച്ചു മനസ്സിലാക്കിയിരിക്കൽ അനിവാര്യമത്രെ. എല്ലാമനുഷ്യ വിഭാഗത്തിലും അല്ലാഹുവെക്കുറിച്ചുള്ള നൈസർഗിക ബോധം നിലനില്ക്കുന്നണ്ടെന്നും അതവർ സൃഷ്ടിക്കപ്പെട്ട ശുദ്ധപ്രകൃതിയുടെ നേട്ടമാണെന്നുമാണ് ഖുർആൻ ഉദ്ഘോഷിക്കുന്നത്.

അൽ-അഅ്റാഫ് സൂറ : 172, 173 സൂക്തങ്ങളിൽ അല്ലാഹു വിവരിക്കുന്നതിപ്രകാരമാണ്. "അല്ലാഹു ആദമിനെ സൃഷ്ടിച്ചപ്പോൾ ആദം സന്തതികളെ മുഴുവൻ പുറത്തു കൊണ്ടുവരികയും അവരെക്കൊണ്ട് ഒരു പ്രതിജ്ഞ എടുപ്പിക്കുകയും ചെയ്തു: അല്ലാഹു അവരോടു ചോദിച്ചു. ഞാൻ നിങ്ങളുടെ ദൈവമല്ലയോ?, അങ്ങനെത്തന്നെ. ഞങ്ങളെല്ലാം സാക്ഷ്യം വഹിച്ചിരിക്കുന്നു." എന്നു അവരെല്ലാവരും മറുപടി പറഞ്ഞു.എന്തിനാണ് മനുഷ്യവർഗത്തെ ഒന്നടങ്കം ഒരുമിച്ചുകൂട്ടി അല്ലാഹുവാണ് അവരുടെ സ്രഷ്ടാവെന്നും അവൻ മാത്രമാണ് അവരുടെ ആരാധനക്കർഹനെന്നും അവരെക്കൊണ്ട് സാക്ഷ്യപ്പെടുത്തിച്ചത്? എന്ന് അല്ലാഹു തുടർന്നുകൊണ്ട് വിവരിക്കുന്നു.

"ഞങ്ങൾ ഇതിനെപ്പറ്റി ബോധമില്ലാത്തവരായിരുന്നു"- എന്നു പുനരുത്ഥാനനാളിൽ നിങ്ങൾ പറയുമെന്നുള്ളത് കൊണ്ടാണ് ഇപ്രകാരം സാക്ഷ്യപ്പെടുത്തിച്ചത് എന്ന് അല്ലാഹു പറയുന്നു അതായത് അല്ലാഹു

---

13 ﴿ وَلَوْ أَنَّهُمْ أَقَامُوا التَّوْرَاةَ وَالْإِنجِيلَ وَمَا أُنزِلَ إِلَيْهِم مِّن رَّبِّهِمْ لَأَكَلُوا مِن فَوْقِهِمْ وَمِن تَحْتِ أَرْجُلِهِم مِّنْهُمْ أُمَّةٌ مُّقْتَصِدَةٌ وَكَثِيرٌ مِّنْهُمْ سَاءَ مَا يَعْمَلُونَ ﴾

വേ, നീ ഞങ്ങളുടെ ദൈവമാണെന്ന് ഞങ്ങാംക്കറിവില്ലായിരുന്നു. നിന്നെ മാത്രമാണ് ആരാധിക്കേണ്ടതെന്നും ഞങ്ങളോടാരും പറഞ്ഞിരുന്നില്ല എന്ന് നിങ്ങാം പറയാതിരിക്കാൻ വേണ്ടി എന്നു സാരം. അല്ലാഹു തുടർന്നു പറയുന്നു: "അല്ലെങ്കിൽ, ഞങ്ങളുടെ പിതാക്കാം മുമ്പ് തന്നെ ബഹുദൈവവിശ്വാസികളായിരുന്നു. ഞങ്ങാം അവരുടെ പിൻഗാമികളായ സന്താനങ്ങാം മാത്രമാണ്. ആ അസത്യവാൻമാർ ചെയ്തു പോയകുററത്തിന് നീ ഞങ്ങളെ നശിപ്പിക്കുകയാണോ? എന്നും നിങ്ങാം പുനരുത്ഥാന നാളിൽ പറഞ്ഞേക്കാം."

അപ്പോാം, ഏതൊരു കുഞ്ഞും ജനിച്ചു വീഴുന്നത് സഹജമായ ദൈവവിശ്വാസത്തോടുകൂടിയും, അല്ലാഹുവെ മാത്രം ആരാധിക്കുന്നതിന്നുളള അനുകൂല പ്രകൃതിയോടു കൂടിയുമത്രെ. ഇതിന്ന് അറബിഭാഷയിൽ പറയുന്നതു "ഫിത്്വറത്ത്" അഥവാ, ശുദ്ധ പ്രകൃതി എന്നാണ്.

ഒരു കുട്ടിയെ തനിയെ വിടുന്ന പക്ഷം അവൻ തൻെറതായ രീതിയിൽ അല്ലാഹുവെ കണ്ടെത്തിക്കൊള്ളും. ഓരോകുട്ടിയും അവനവൻെറ ചുററുമുളള ദൃശ്യവും അദൃശ്യവുമായ കാര്യങ്ങളാൽ സ്വാധീനിക്കപ്പെടുകയാണ്. അല്ലാഹു പറഞ്ഞതായി നബി തിരുമേനി (സ.അ) ഉദ്ധരിക്കുന്ന ഒരു തിരുവചനത്തിൽ ഇപ്രകാരം കാണാം. "എൻെറ അടിമകളെയെല്ലാം ഞാൻ സൃഷ്ടിച്ചിട്ടുളളത് ശരിയായ മതത്തിലായിക്കൊണ്ടാണ്. പിന്നീടു പിശാചുക്കളാണ് അവരെ വഴിതെററിക്കുന്നത്". നബി തിരുമേനി(സ.അ) പ്രവചിച്ച മറെറാരു തിരുവചനം ഇങ്ങിനെയാണ്. "ഏതൊരു ശിശുവും 'ഫിത്്വറ:' എന്ന ശുദ്ധ പ്രകൃതിയിലാണ് ജനിക്കുന്നത്. പിന്നീടു അവൻെറ മാതാപിതാക്കളാണ് അവനെ ജൂതനോ, ക്രിസ്ത്യാനിയോ, സൌരാഷ്ട്രമതസ്ഥനോ ആക്കിത്തീർക്കുന്നത്. മൃഗങ്ങാം അവയുടെ കുഞ്ഞുങ്ങാംക്ക് അതതിൻെറ പ്രകൃതത്തിന്ന് തന്നെ ജന്മം നല്കുന്നതുപോലെ ഏതെങ്കിലും മൃഗക്കുഞ്ഞു വക്ര പ്രകൃതിയോടെ ജനിച്ചു വീഴുന്നത് നിങ്ങാം കണ്ടിട്ടുണ്ടോ?" (ബുഖാരിയും മുസ്ലിമും ഉദ്ധരിച്ചത്:)

അല്ലാഹു പ്രകൃതിയിൽ നിശ്ചയിച്ചിട്ടുളള പ്രകൃതി നിയമങ്ങാംക്കു ശാരീരികമായി ഒരു കുട്ടി വിധേയമാകുന്നുവെങ്കിൽ അപ്രകാരം തന്നെ അല്ലാഹുവാണ് തൻെറ സ്രഷ്ടാവും രക്ഷിതാവുമെന്ന വസ്തുതക്ക് മാനസികമായും അവൻ വിധേയമാകേണ്ടതു സ്വാഭാവികം മാത്രമാണ്. പക്ഷേ കുട്ടിയുടെ രക്ഷിതാക്കാം ശ്രമിക്കുന്നത് അവൻ തങ്ങളുടെ തന്നെ

പാരമ്പര്യങ്ങളെ പിന്തുടരാനായിരിക്കും. എന്നാൽ കുട്ടിക്ക് അവൻെറ വളർച്ചയുടെ ആദ്യഘട്ടങ്ങളിൽ തൻെറ രക്ഷിതാക്കളുടെ ഇംഗിതത്തെ ചെറുത്തു നില്ക്കാനോ എതിർക്കാനോ ഉള്ള ത്രാണി വേണ്ടത്ര ഉണ്ടായിരിക്കുകയില്ല. ഈ അവസ്ഥയിൽ കുട്ടി സ്വീകരിക്കുന്നത് ആചാരവും വളർത്തു ശീലങ്ങളുമായിരിക്കും. അപ്പോഴത്തെ അവൻെറ മതം അല്ലാഹു കണക്കിലെ ടുക്കുകയോ അതിൻെറ പേരിൽ അല്ലാഹു അവനെ ശിക്ഷിക്കുകയോ ഇല്ല

യഥാർത്ഥത്തിൽ ദൈവം ഒന്നുമാത്രമേ ഉള്ളുവെന്ന് ബോധ്യം വരത്തക്കവണ്ണം മനുഷ്യജീവിതത്തിൻെറ ജനനം മുതൽ മരണം വരെയുള്ള ഓരോ ഘട്ടങ്ങളിലും ഭൂമിയുടെ അനതി വിദൂരമേഖലകളിലും അവരുടെ സ്വന്തം ആത്മാക്കളിലും ധാരാളം ദൃഷ്ടാന്തങ്ങൾ മനുഷ്യർക്കു ദർശിക്കാൻ കഴിയും. മനുഷ്യർ അവരുടെ സ്വന്തത്തോടു നീതി പുലർത്തുകയും മിഥ്യാ ദൈവങ്ങളെയെല്ലാം തിരസ്കരിക്കുകയും അല്ലാഹുവെ തിരഞ്ഞു പിടിക്കുയും ആണെങ്കിൽ, വഴി വളരെ എളുപ്പമായിട്ടവർക്കനുഭവപ്പെടും. മറിച്ചു അല്ലാഹുവിൻെറ ദൃഷ്ടാന്തങ്ങളെ തുടർച്ചയായി അവർ തള്ളിക്കളയുകയും സൃഷ്ടികളെ ആരാധിക്കുന്നത് തുടർന്നുകൊണ്ടിരിക്കുകയുമാണെങ്കിൽ അവർക്ക് രക്ഷപ്പെടാൻ വളരെയേറെ വിഷമിക്കേണ്ടിവരും. ഉദാഹരണമായി ഒരു സംഭവം വിവരിക്കാം: തെക്കേ അമേരിക്കയിൽ ബ്രസീലിലെ അമേസോൺ വനാന്തരങ്ങളിലെ തെക്കു കിഴക്കൻ മേഖലയിൽ കഴിഞ്ഞുകൂടുന്ന പ്രാകൃതവർഗക്കാരായ ഒരു ജനത അവരുടെ മുഖ്യവിഗ്രഹമായ "സ്കാച്ചി"നെ പ്രതിഷ്ഠിക്കുന്നതിന്നായി ഒരു പുതിയ കുടിൽ പണിതു . സർവ്വസൃഷ്ടിജാലങ്ങളുടെയും പരമേശ്വരനെ പ്രതിനിധാനം ചെയ്യുന്നതായിരുന്നു ആ വിഗ്രഹം. അടുത്ത ദിവസം ഒരു ചെറുപ്പക്കാരൻ ദൈവത്തെ പ്രണ മിക്കുന്നതിന്നായി കുടിലിൽ പ്രവേശിച്ചു. വിഗ്രഹനിർമ്മാതാവും പൂജാരിയും പഠിപ്പിച്ച പ്രകാരം ചെറുപ്പക്കാരൻ ധ്യാനത്തിൽ മുഴുകിയിരിക്കവെ ചൊറി പിടിച്ച് ചെള്ള് കയറിയ ഒരു കിഴവൻ പട്ടി കുടിലിലേക്കു കയറിവന്നു. ചെറുപ്പക്കാരൻ മുഖമുയർത്തി നോക്കിയപ്പോൾ പട്ടി പിൻകാലുയർത്തി വിഗ്രഹത്തിനുമുകളിൽ മൂത്രമൊഴിക്കുന്നതാണ് കണ്ടത്. അപമാനിതനായ ചെറുപ്പക്കാരൻ പട്ടിയെ ദേവാലയത്തിൽ നിന്ന് ആട്ടിപ്പുറത്താക്കി. പക്ഷേ അവൻെറ രോഷം കെട്ടടങ്ങിയതോടെ ഒരു കാര്യം അവന്നു ബോധ്യപ്പെട്ടു. ഈ വിഗ്രഹം ഒരിക്കലും പ്രപഞ്ചനാഥനാകാൻ കൊള്ളുകയില്ലെന്ന്. അല്ലാഹു മറ്റെവിടെയോ ആണുള്ളതെന്ന്. ഇപ്പോളവന്ന് രണ്ടിലൊന്ന് തിരഞ്ഞെ

ടുക്കാവുന്നതാണ്. സ്വന്തം അനുഭവത്തിൽ നിന്ന് മനസ്സിലാക്കിയതനുസരിച്ചു പ്രവർത്തിക്കുകയും അല്ലാഹുവെ തിരഞ്ഞ് പിടിക്കുകയും ചെയ്യുക.അല്ലെങ്കിൽ കാപട്യത്തോടെ തൻെറ പ്രാകൃതവർഗ്ഗത്തിൻെറ അന്ധവിശ്വാസത്തിൽത്തന്നെ തുടർന്നു പോവുക. അതിവിചിത്രമായ ആ ദൃശ്യം ആ ചെറുപ്പക്കാരന് വേണ്ടി അല്ലാഹു ഏർപ്പെടുത്തിയ ഒരു ദൃഷ്ടാന്തമായിരുന്നു. അവൻ ഇതുവരെ ആരാധിച്ചു കൊണ്ടിരുന്നതു മിഥ്യയെയായിരുന്നുവെന്നുള്ള ദിവ്യമായ മാർഗദർശനം അതിൽ അടങ്ങിയിട്ടുണ്ട്.

മനുഷ്യനിൽ പ്രകൃത്യാതന്നെ കുടികൊള്ളുന്ന ദൈവവിശ്വാസവും അവനെ ആരാധിക്കാനുള്ള ജന്മസിദ്ധമായ പ്രവണതയും പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി എല്ലാ ദേശങ്ങളിലും എല്ലാ സമുദായങ്ങളിലും മുമ്പു നാം പറഞ്ഞപോലെ പ്രവാചകന്മാർ നിയോഗിക്കപ്പെട്ടിട്ടുണ്ട്. അപ്രകാരം തന്നെ ദിവ്യസത്യങ്ങളെ പ്രബലപ്പെടുത്തുന്നതിന് വേണ്ടിയുള്ള ദൃഷ്ടാന്തങ്ങൾ ദിനേനയെന്നോണം അല്ലാഹു വെളിപ്പെടുത്തിക്കൊണ്ടുമിരുന്നിട്ടുണ്ട്. എങ്കിലും മിക്ക പ്രവാചന്മാരുടേയും ശിക്ഷണങ്ങൾ മിക്കപ്പോഴും വികൃതമാക്കപ്പെടുകയാണുണ്ടായത്. ശരിയും തെറ്റും ചൂണ്ടിക്കാണിച്ചു കൊണ്ട് ചുരുക്കം ചില ഭാഗങ്ങൾ ഇന്നും നിലനില്ക്കുന്നുമുണ്ട്. തൌറാത്തിലെ (TORAH) പത്തു കല്പനകൾ, സുവിശേഷങ്ങളിലെ (ഇഞ്ചീൽ)അവയുടെ സ്ഥിരീകരണങ്ങൾ, വ്യഭിചാരം, കൊല, മോഷണം എന്നീ കുറ്റകൃത്യങ്ങൾക്കെതിരെ മിക്ക സമൂഹങ്ങളിലും ഇന്ന് നിലനില്ക്കുന്ന ശിക്ഷാനിയമങ്ങൾ എന്നിവ ഉദാഹരണങ്ങളത്രെ.

അതിനാൽ അല്ലാഹുവിൽ വിശ്വസിക്കുവാനും അവൻെറ താൽപര്യങ്ങൾക്കു വേണ്ടി തൻെറ സർവ്വസ്വവും അർപ്പിച്ചുകൊണ്ട് ഇസ്‌ലാം മതം സ്വീകരിക്കുവാനും എല്ലാവരും കടപ്പെട്ടിരിക്കുകയാണ്.

മഹോന്നതനായ അല്ലാഹു നമുക്ക് കാണിച്ചു തന്നിട്ടുള്ള നേരായ മാർഗത്തിലൂടെ നമ്മെ നയിക്കുവാനും അവൻെറ പരമമായ കാരുണ്യത്തിന് നമ്മെ അർഹരാക്കിത്തീർക്കുവാനും നാം അവനോടു പ്രാർത്ഥിക്കുന്നു. അവൻ പരമകാരുണികനത്രെ! സർവ്വസ്തുതിയും നന്ദിയും അല്ലാഹുവിന്നു മാത്രം. സർവ്വലോകത്തിൻേറയും രക്ഷിതാവ് അവനത്രെ. അവൻെറ മഹത്തായ കരുണയും രക്ഷയും മുഹമ്മദ് നബി (സ.അ) തിരുമേനിയിലും അവിടുത്തെ കുടുംബങ്ങളിലും അവിടുത്തെ അനുചരന്മാരിലും അന്ത്യദിനം വരെ അവരെ പിൻപററിക്കൊണ്ട് സത്യസന്ധമായി ജീവിക്കുന്നവരിലും ഉണ്ടായിരിക്കട്ടെ ആമീൻ ■

المملكة العربية السعودية
وزارة الشؤون الإسلامية والأوقاف
والدعوة والإرشاد
فرع الوزارة في منطقة الرياض

# الدين الصحيح

باللغة المليبارية

تأليف :
أبو أمينه بلال فيلبس

شعبة الدعوة وتوعية الجاليات بالدرعية
ت : ٤٨٦٠٦٠٦ ٢٢٤١٨٥٩ فاكس ٤٨٦٠٢٨٤